**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടർ (എസ്റ്റേ) നടപടിക്രമം**

വിഷയം:- ആ.വ,ഡ- ജീവനക്കാര്യം- പൊതുസ്ഥലംമാറ്റം 2018 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ അന്തിമ പട്ടിക ഭേദഗതിവരുത്തി ഉത്തരവാകുന്നു.

പരാമർശം:- 1) ഉത്തരവ് നം. ഇജി2/31315/18/ആ.വ.ഡ തീയതി.20/07/2018
2) സർക്കാർ ഉത്തരവ് സ.ഉ (പി) നം.03/17/ഉ.ഭ.പ.വ തിരു തീയതി.25/02/2017.
3) ശ്രീ. ശ്രീകുമാർ.ജി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്1-ന്റെ 02/09/2018 ലെ അപ്പീൽ അപേക്ഷ.
4) കത്ത് നം. എ2/6086/16/ ജി.മെ.ഒ (ആ) കോട്ടയം തീയതി.17/09/2018.

**ഉത്തരവ് നം. ഇ.ജി2-31315/2018 /ആ.വ.ഡ തീയതി. 28/ 09 /2018.**

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ 2018-ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി പരാമർശം 1 ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ തിരുവാർപ്പ് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ശ്രീ. ശ്രീകുമാർ.ജി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1-നെ ഇടുക്കി ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു.

പരാമർശം 3 പ്രകാരം ശ്രീ. ശ്രീകുമാർ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിൻമേൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ രോഗബാധിതയായ മകൾക്ക് ടിയാന്റെ സാന്നിദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടതിനാൽ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള ജെ.എച്ച്.ഐ ഗ്രേഡ്-1 ഒഴിവിലേക്ക് ശ്രീ. ശ്രീകുമാർ-ന് കോട്ടയം ജില്ലയിലേക്ക് തിരികെ സ്ഥലംമാറ്റം നൽകികൊണ്ട് ഉത്തരവാകുന്നു.

മേൽ ഭേദഗതികൾക്ക് വിധേയമായി പരാമർശം 1 പ്രകാരമുള്ള ഉത്തരവ് നിലകൊള്ളുന്നതാണ്. പകരക്കാരെ കാത്തുനിൽക്കാതെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ഉചിതമായ സ്ഥാപനത്തിലേക്ക് നിയമന ' ഉത്തരവ് നൽകേണ്ടതുമാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര നടപടികൾക്കായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്/-

ഡോ. സെമീറ.എ

അഡീഷണൽ ഡയറക്ടർ (എസ്റ്റേ)

സ്വീകർത്താവ്

ജീവനക്കാരൻ ( ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ് വ്യക്തിഗത പകർപ്പ് അയച്ചുതരുന്നതല്ല)

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർക്ക്
3. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്